# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4015 | 24/8/2017 -ലെ മറുപടി

## ശുദ്ധജല വിതരണത്തിനായി പമ്പിംഗ്, ഡിസ്ട്രിബ്യൂഷൻ ലൈനുകൾ മാറ്റി സ്ഥാപിക്കാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഹൈബി ഈഡൻ<br>ശ്രീ. സണ്ണി ജോസഫ്<br>ശ്രീ. കെ.സി.ജോസഫ്<br>ശ്രീ. കെ.മുരളീധരൻ | മാത്യു ടി.തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) ശുദ്ധജല വിതരണത്തിനായി പമ്പിംഗ് ലൈനുകളും ഡിസ്ട്രിബ്യൂഷൻ ലൈനുകളും മാറ്റി സ്ഥാപിക്കാൻ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) 2016-17-ലെ പുതുക്കിയ ബജറ്റിൽ പ്രഖ്യാപിച്ച പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെടുത്തി എ.സി, പ്രീമോ ട്രാൻസ്മിഷൻ മെയിനുകൾ മാറ്റി സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസലുകൾ കേരള വാട്ടർ അതോറിറ്റി പരിശോധിച്ചു വരുന്നു.<br><br>അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തി കാലപ്പഴക്കം ചെന്ന പൈപ്പുകളും പമ്പുകളും മോട്ടോറുകളും മാറ്റിസ്ഥാപിക്കുന്നതിനായി സംസ്ഥാനത്തെ 6 കോർപ്പറേഷനുകളിലേക്കും ഗുരുവായൂർ, പാലക്കാട്, മുനിസിപ്പാലിറ്റികളിലേക്കുമായി 255.706 കോടി രൂപയുടെ പ്രവൃത്തികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു.<br><br>പഴയ പൈപ്പുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്നതിന് സ്റ്റേറ്റ് പ്ലാൻ 2016-17-ൽ 4101.99 ലക്ഷം രൂപയും 2017-18-ൽ 1404.25 ലക്ഷം രൂപയും ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ സ്റ്റേറ്റ് പ്ലാൻ 2017-18-ൽ ഉൾപ്പെടുത്തിയ 2387.12 ലക്ഷം രൂപയുടെ പദ്ധതികൾ കേരള വാട്ടർ അതോറിറ്റി പരിശോധിച്ചുവരുന്നു. |

| | | | |
|---|---|---|---|
| (ബി) | എത്ര കിലോമീറ്റർ പമ്പിംഗ് ലൈനുകളും ഡിസ്ട്രിബ്യൂഷൻ ലൈനുകളുമാണ് മാറ്റി സ്ഥാപിക്കേണ്ടത് എന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) | ഏകദേശം 3500 കിലോമീറ്ററോളം പമ്പിംഗ് ലൈനുകളും ഡിസ്ട്രിബ്യൂഷൻ ലൈനുകളും മാറ്റിസ്ഥാപിക്കാനുണ്ടെന്ന് കണക്കാക്കപ്പെടുന്നു. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) | ഇതിന് ചെലവാകുന്ന തുക എങ്ങനെ കണ്ടെത്താനാണ് തീരുമാനിച്ചിട്ടുള്ള തെന്ന് വെളിപ്പെടുത്തുമോ? | (സി) | ഇതിന് ചെലവാകുന്ന തുക സ്റ്റേറ്റ് പ്ലാൻ, കിഫ്ബി, അമൃത്, നബാർഡ്, കേന്ദ്രധന സഹായം തുടങ്ങിയവ വഴി കണ്ടെത്തു നാണ് ലക്ഷ്യമിടുന്നത്. |

സെക്ഷൻ ഓഫീസർ

JSK/

## അനുബന്ധം

കേരള വാട്ടർ അതോറിറ്റി ദക്ഷിണ മേഖലയുടെ തിരുവനന്തപുരം സർക്കിളിൽ പി.എച്ച്.ഡിവിഷന്റെ കീഴിൽ വരുന്ന കാലപ്പഴക്കം ചെന്ന 400എം.എം പ്രിമോ പൈപ്പ് മാറ്റുന്നതിനുവേണ്ടി 19.10കി.മീ. സ്ഥാപിക്കുന്നതിനായി 2016-17 സാമ്പത്തിക വർഷം 11.27 കോടി രൂപയുടെ പദ്ധതി അംഗീകാരം ലഭിച്ചിട്ടുണ്ട്. തിരുവനന്തപുരം പ്രോജക്റ്റ് ഡിവിഷനു കീഴിൽ താഴെപ്പറയുന്ന പദ്ധതികൾ നടപ്പാക്കുന്നുണ്ട്.

1) ഭഗത്സിംഗ് നഗർ മുതൽ മണ്ണന്തല ഭൂജല സംഭരണിവരെയുള്ള കാലപ്പഴക്കം ചെന്ന 225 മി.മീ വ്യാസമുള്ള എച്ച്.ഡി.പി.ഇ പൈപ്പുകൾ മാറ്റുന്ന പ്രവർത്തി 3 കോടി രൂപ മതിപ്പ് പ്രതീഷിക്കുന്ന പദ്ധതി .
2) ഒബ്സർവേറ്ററി മുതൽ ആയുർവേദ കോളേജ് വരെ നിലവിലുള്ള 315മി.മീ. വ്യാസമുള്ള എച്ച്.ഡ്.പി.ഇ പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്ന പ്രവർത്തി 6.29 കോടി രൂപ മതിപ്പ് പ്രതീഷിക്കുന്ന പദ്ധതി ८
3) പേരൂർക്കട മുതൽ മൺവിള വരെ നിലവിലുള്ള പി.എസ്.സി പൈപ്പുകൾ 15830മി. നീളത്തിൽ മാറ്റി സ്ഥാപിക്കുന്ന പ്രവർത്തി 64.77 കോടി രൂപ മതിപ്പ് പ്രതീഷിക്കുന്ന പദ്ധതി

4. പേരൂർക്കട മുതൽ ശാസ്തമംഗലം വരെ നിലവിലുള്ള 400മി.മീ. വ്യാസമുള്ള പ്രിമോ പൈപ്പുകൾ മാറ്റി 2.10കി.മീ. നീളത്തിൽ 400മി.മീ. വ്യാസമുള്ള ഡി.ഐ പൈപ്പുകൾ സ്ഥാപിക്കുന്ന പ്രവർത്തി.

5. അമ്പലമുക്ക് മുതൽ കേശവദാസപുരം വഴി ഉള്ളൂർ വരെ 8.2 കി.മീ. നീളത്തിൽ 200മി.മീ. വ്യാസമുള്ള റൈഡർ മെയിൻ സ്ഥാപിക്കുന്ന പ്രവർത്തി കരാറുകാരൻ പൈപ്പ് സപ്ലൈ ചെയ്തിട്ടുണ്ട്. റോഡ് കട്ടിംഗ് അനുമതി ലഭ്യമായാൽ ഉടൻ പ്രവർത്തി ആരംഭിക്കുന്നതാണ്.

മേൽ പറഞ്ഞ രണ്ട് പദ്ധതികൾക്കുംകൂടി 16.82 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

6. മുട്ടട മുതൽ കേശവദാസപുരം വരെ 400മി.മീ വ്യാസമുള്ള പ്രിമോ പൈപ്പുകൾ മാറ്റി 1.4 കി.മീ. നീളത്തിൽ 400 മി.മീ.നീളത്തിൽ വ്യാസമുള്ള ഡി.ഐ പൈപ്പുകൾ സ്ഥാപിക്കുന്ന പ്രവർത്തി. 2.58കോടി രൂപയുടെ ഭരണാനുമതി ലഭിച്ച പ്രസ്തുത പ്രവർത്തി റോഡ് കട്ടിംഗ് അനുമതി ലഭിക്കുന്ന മുറയ്ക്ക് ആരംഭിക്കുന്നതാണ്.

കൊല്ലം സർക്കിളിന്റെ കീഴിൽ സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തി 2017-18-ൽ 799.5 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തി 17 കി.മീ. പൈപ്പ് ലൈനുകളും സ്റ്റേറ്റ് പ്ലാൻ 2017-18-ൽ ഉൾപ്പെടുത്തി 15.8 കി.മീ. പൈപ്പ്‌ലൈനുകളും ആണ് മാറ്റി സ്ഥാപിക്കേണ്ടത്.

കോട്ടയം സർക്കിളിന്റെ കീഴിൽ സ്റ്റേറ്റ് പ്ലാനിൽ 15 പദ്ധതികൾക്ക് ഏകദേശം 50 കി.മീ. പൈപ്പ്‌ലൈൻ മാറ്റുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്.

ചിറ്റിലയിൽ 11 പ്രവർത്തികൾക്കായി ഏകദേശം 33 കി.മീ. പൈപ്പുകൾ മാറുന്നതിനായി നിർദ്ദേശം നൽകിയിട്ടുണ്ട്.

പത്തനംതിട്ട സർക്കിളിന്റെ കീഴിൽ 2016-17 ബഡ്ജറ്റ് പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തി [illegible] കി.മീ. പമ്പിംഗ് മെയിനുകളും [illegible] കി.മീ. വിതരണശൃംഖലയും മാറ്റി സ്ഥാപിക്കുവാനുള്ള ഭരണാനുമതി ലഭ്യമായിട്ടുണ്ട്. പ്രസ്തുത പ്രവർത്തി പുരോഗമിച്ചുവരുന്നു. 2017-18-ലെ സംസ്ഥാന പദ്ധതിയിൽ ഉൾപ്പെടുത്തി 1400മീ. ഡിസ്ട്രിബ്യൂഷൻ ലൈനുകളും മാറ്റി സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസൽ നൽകിയിട്ടുണ്ട്. കിഫ്ബി പദ്ധതിയിൽ 65കി.മീ. നീളത്തിൽ കാലഹരണപ്പെട്ട ഡിസ്ട്രിബ്യൂഷൻ പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിനുള്ള [illegible] സമർപ്പിച്ചിട്ടുണ്ട്.

കേരള വാട്ടർ അതോറിറ്റി മദ്ധ്യ മേഖലയുടെ കീഴിൽ ഏകദേശം 1900കി.മീ. പമ്പിംഗ് മെയിനുകളും ഡിസ്ട്രിബ്യൂഷൻ ലൈനുകളും ആണ്.

1) തൃശ്ശൂർ സർക്കിൾ-115.64 കി.മീ.

2) ആലപ്പുഴ സർക്കിൾ -210.00 കി.മീ

3) മൂവാറ്റുപുഴ സർക്കിൾ -62.00 കി.മീ.

4) കൊച്ചി സർക്കിൾ - 1500.00കി.മീ.

കേരള വാട്ടർ അതോറിറ്റി ഉത്തര മേഖലയുടെ കോഴിക്കോട് സർക്കിളിൽ കോഴിക്കോട് കോർപ്പറേഷന്റെ കീഴിൽ പഴകിയ എ.സി/പി.വി.സി പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിനായി അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തി 17.87 കോടി രൂപയുടെ പ്രവർത്തിക്ക് ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ചിട്ടുണ്ട്. വടകര ഡിവിഷന്റെ കീഴിൽ കിഫ്ബി പദ്ധതിയിൽ 7 പ്രൊപ്പോസലുകൾ സമർപ്പിച്ചിട്ടുണ്ട്. ചോറോട് ചക്കിട്ടപ്പാറ പഞ്ചായത്തുകളിൽ പൈപ്പ്ലൈൻ മാറ്റുന്നതിന് ജലനിധിയിൽ ഉൾപ്പെടുത്തി 2 പദ്ധതികൾ ഉണ്ട്. ഉണ്ണികുളം, ശിവപുരം ശുദ്ധജല വിതരണപദ്ധതിയിൽ പമ്പിംഗ് ലൈനും ഡിസ്ട്രിബ്യൂഷൻ ലൈനുകളും മാറ്റി സ്ഥാപിക്കുന്ന പ്രവർത്തി നടന്നുവരുന്നുണ്ട്.

സുൽത്താൻബത്തേരി ഡിവിഷന്റെ കീഴിൽ കിഫ്ബിയിൽ ഉൾപ്പെടുത്തി പമ്പിംഗ് മെയിനുകൾ മാറ്റി സ്ഥാപിക്കുന്നതിനായി 683 ലക്ഷം രൂപയുടെ 9 പ്രൊപ്പോസലുകളും ട്രാൻസ്മിഷൻ മെയിൻ മാറ്റി സ്ഥാപിക്കുന്നതിന് 426 ലക്ഷം രൂപയുടെ 8 പ്രൊപ്പോസലുകളും സമർപ്പിച്ചിട്ടുണ്ട്. കൂടാതെ നിലവിൽ പഴകിയ പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്ന 3 പ്രവർത്തികൾ നടന്നുവരുന്നുണ്ട്. ഈ സർക്കിളിന്റെ കീഴിൽ 57.16 കി.മീ. പമ്പിംഗ് ലൈൻ, 210.28 കി.മീ. ഡിസ്ട്രിബ്യൂഷൻ ലൈൻ, 3.352 കി.മീ. ഗ്രാവിറ്റി മെയിൻ എന്നിവ മാറ്റി സ്ഥാപിക്കേണ്ടതുണ്ട്. കണ്ണൂർ സർക്കിളിന്റെ കീഴിൽ പഴയ പൈപ്പുകൾ മാറ്റി സ്ഥാപിക്കാൻ സ്റ്റേറ്റ് പ്ലാൻ 2017-18-ൽ ഉൾപ്പെടുത്തി 10 പ്രവർത്തികൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്. കൊളച്ചേരി കുടിവെള്ള പദ്ധതിയിൽ 200എം.എം എ.സി.ഗ്രാവിറ്റി മെയിൻ മാറ്റി 250 എം.എം ഡി.ഐ പൈപ്പ് സ്ഥാപിക്കുന്നതിനുള്ള പ്രവർത്തി ടെണ്ടർ ചെയ്തു. ഇടക്കാട് സോണിൽ ഗ്രാവിറ്റി മെയിനും പമ്പിംഗ് മെയിനും മാറ്റി സ്ഥാപിക്കുന്നതിനുള്ള

പ്രവർത്തികളുടെ ടെണ്ടർ പുരോഗമിക്കുന്നു. കിഫ്ബിയിൽ ഉൾപ്പെടുത്തി വിവിധ പദ്ധതികളുടെ പഴയ എ.സി പൈപ്പ്ലൈനുകൾ മാറ്റി സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസലുകൾ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

കാസർഗോഡ് ജില്ലയിൽ പൈപ്പുകൾ മാറ്റി സ്ഥാപിക്കേണ്ടതിന്റെ താഴെപ്പറയുന്ന പ്രവർത്തികൾ പുരോഗമിക്കുന്നു.

1) അജാനൂർ കുടിവെള്ള പദ്ധതി

പമ്പിംഗ് മെയിൻ -4.20 കി.മീ. ഡിസ്ട്രിബ്യൂഷൻ ലൈൻ -1.50കി.മീ.

2) KWSS –ബാവിക്കാനം മുതൽ ചെർക്കള വരെ ഗ്രാവിറ്റി മെയിൻ സ്ഥാപിക്കൽ - 5.30കി.മീ.

3) KWSS-ചെർക്കള മുതൽ വിദ്യാനഗർ വരെ ഗ്രാവിറ്റി മെയിൻ സ്ഥാപിക്കൽ - 5.50കി.മീ.

4) മയ്യിച്ച കുടിവെള്ള പദ്ധതി ഡിസ്ട്രിബ്യൂഷൻ പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കൽ - 9.50കി.മീ.

5) കൈതക്കാട് കുടിവെള്ള പദ്ധതി പൈപ്പ് മാറ്റി സ്ഥാപിക്കൽ

പമ്പിംഗ് മെയിൻ -6.20 കി.മീ. ഡിസ്ട്രിബ്യൂഷൻ ലൈൻ -3.00കി.മീ.

6) കൈതക്കാട് കുടിവെള്ള പദ്ധതി പൈപ്പ് മാറ്റി സ്ഥാപിക്കൽ -6.250 കി.മീ.

7) കാടക്കോട് കുടിവെള്ള പദ്ധതി ഡിസ്ട്രിബ്യൂഷൻ പൈപ്പ്ലൈൻ മാറ്റി സ്ഥാപിക്കൽ -5.20 കി.മീ.

8) കോട്ടയം സെൻസസ് ടൗൺ -8.60 കി.മീ.

9) പള്ളിക്കുന്ന് പഞ്ചായത്ത് -73 കി.മീ.

10) പുഴാതി പഞ്ചായത്ത് -79.00 കി.മീ.

11) എടക്കാട് – എളയാവൂർ - 150 കി.മീ.

12) കൊളച്ചേരി പഞ്ചായത്തിൽ വിതരണ ശൃംഖലയിൽ പഴയ എ.സി.പൈപ്പ് മാറ്റുന്ന പ്രവർത്തി -3.375 കി.മീ.

13) എടക്കാട് സോൺ-1ൽ ചാല GLSR മുതൽ തോട്ടട വരെ പഴയ 250 മി.മീ. എ.സി.പൈപ്പ് മാറ്റി പുതിയ 250 എം.എം ഡി.ഐ വിതരണപൈപ്പ് സ്ഥാപിക്കുന്ന പ്രവർത്തി -3 കി.മീ.

14) അഞ്ചരക്കണ്ടി പഞ്ചായത്തിൽ വിതരണശൃംഖലയിൽ പഴയ എ.സി.പൈപ്പ് മാറ്റുന്ന പ്രവർത്തി-0.62 കി.മീ.

15) ചെമ്പിലോട് പഞ്ചായത്തിൽ വിതരണശൃംഖലയിൽ പഴയ എ.സി.പൈപ്പ് മാറ്റുന്ന പ്രവർത്തി-0.62 കി.മീ.

16) വേങ്ങാട് പഞ്ചായത്തിൽ വിതരണശൃംഖലയിൽ പഴയ എ.സി.പൈപ്പ് മാറ്റുന്ന പ്രവർത്തി-0.62 കി.മീ.

17) ഇരിട്ടി മുനിസിപ്പാലിറ്റി കീഴൂർ ചാവശ്ശേരി വില്ലേജിൽ എ.സി ട്രാൻസ്മിഷൻ മെയിൻ മാറ്റുന്ന പ്രവർത്തി -1.7 കി.മീ.

18) പള്ളിക്കുന്ന് OHSR-ൽ പനങ്കാവ് വരെ ഗ്രാവിറ്റി മെയിൻ മാറ്റി സ്ഥാപിക്കുന്ന പ്രവർത്തി -6.25 കി.മീ.

19. കൊളച്ചേരി സോൺ-1ൽ പഴയ ട്രാൻസ്മിഷൻ മെയിൻ മാറ്റുന്ന പ്രവർത്തി – 2കി.മീ.

20) കൊളച്ചേരി സോൺ-2ൽ പഴയ എ.സി.പൈപ്പ് മാറ്റി പുതിയ 400എം.എം ഡി.ഐ. വിതരണ പൈപ്പ് സ്ഥാപിക്കുന്ന പ്രവർത്തി -4.98കി.മീ.

21) കൊളച്ചേരി സോൺ-2ൽ പഴയ എ.സി. 350എം.എം എ.സി.പൈപ്പ്മാറ്റി പുതിയ 250 എം.എം ഡി.ഐ.പൈപ്പ് സ്ഥാപിക്കുന്ന പ്രവർത്തി

22) മുഴപ്പിലങ്ങാട് ശുദ്ധജല വിതരണ പദ്ധതി 110എം.എം പി.വി.സി പൈപ്പ് മാറ്റി സ്ഥാപിക്കുന്ന പ്രവർത്തി-2.5കി.മീ.

23) കടമ്പൂർ പഞ്ചായത്ത് ശുദ്ധജല വിതരണ പദ്ധതി 100എം.എം എ.സി പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കുന്ന പ്രവർത്തി-1.1കി.മീ.

24) കടമ്പൂർ പഞ്ചായത്ത് ശുദ്ധജല വിതരണ പദ്ധതി 100എം.എം എ.സി പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കുന്ന പ്രവർത്തി-1കി.മീ.

25) മുഴപ്പിലങ്ങാട് ശുദ്ധജല വിതരണ പദ്ധതി 80എം.എം എ.സി പൈപ്പ് മാറ്റി സ്ഥാപിക്കുന്ന പ്രവർത്തി-0.40കി.മീ.

26) അഞ്ചരക്കണ്ടി പഞ്ചായത്ത് ശുദ്ധജല വിതരണ പദ്ധതി 110എം.എം പി.വി.സി പൈപ്പ് മാറ്റി സ്ഥാപിക്കുന്ന പ്രവർത്തി-0.90കി.മീ.

27) അഞ്ചരക്കണ്ടി വെരളശ്ശേരി അനുബന്ധ പഞ്ചായത്തുകളിലേക്കുള്ള പദ്ധതി ട്രാൻസ്മിഷൻ പൈപ്പ് സ്ഥാപിക്കുന്ന പ്രവർത്തി-1.9കി.മീ.

28) ചെമ്പിലോട് പഞ്ചായത്ത് ശുദ്ധജല വിതരണ പദ്ധതി 160എം.എം വിതരണ പൈപ്പ മാറ്റി സ്ഥാപിക്കുന്ന പ്രവർത്തി-2.5കി.മീ.

29) കൊളച്ചേരി ശുദ്ധജലവിതരണ പദ്ധതി മുണ്ടേരി പഞ്ചായത്ത് 160 എം.എം പി.വി.സി.പൈപ്പലൈൻ മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തി ഡിസ്ട്രിബ്യൂഷൻ -1.5 കി.മീ.

30) കൊളച്ചേരി ശുദ്ധജലവിതരണ പദ്ധതി മയ്യിൽ പഞ്ചായത്ത് 75എം.എം പി.വി.സി.പൈപ്പലൈൻ മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തി ഡിസ്ട്രിബ്യൂഷൻ - 0.80 കി.മീ.

പാലക്കാട് ജില്ലയിൽ 112 കി.മീറ്ററോളം (പമ്പിംഗ് മെയിനും ഡിസ്ട്രിബ്യൂഷനും പൈപ്പാണ് മാറ്റുവാൻ ഉദ്ദേശിക്കുന്നത്

മലപ്പുറം സർക്കിളിൽ കോട്ടയ്ക്കൽ പറപ്പൂർ ശുദ്ധജല വിതരണപദ്ധതി 800മീ

ഇരഞ്ചിളിയം – വളാഞ്ചേരി ശുദ്ധജല വിതരണപദ്ധതി -5450 മീ

മലപ്പുറം ഡിവിഷനു കീഴിൽ പമ്പിംഗ് ലൈനും ഡിസ്ട്രിബ്യൂഷൻ ലൈനുകളുംകൂടി 150കെ.എം ലൈൻ മാറ്റി സ്ഥാപിക്കേണ്ടതുണ്ട്. ഇതിൽ 60കി.മീ ലൈൻ സ്ഥാപിക്കേണ്ടത് കിഫ്ബിയിലും സ്റ്റേറ്റ് പ്ലാനിലും ഉൾപ്പെടുത്തി അംഗീകാരത്തിന് സമർപ്പിച്ചിട്ടുണ്ട്. ആയതിന്റെ ലിസ്റ്റ് താഴെ ചേർത്തിട്ടുണ്ട്.

1) UWSS ട പെരിന്തൽമണ്ണ സോൺ-1, 2, 3 വിവിധ എ.സി പൈപ്പുകൾ -25കി.മീ.

2) UWSS ട്ട മഞ്ചേരി - മഞ്ചേരി മുനിസിപ്പാലിറ്റിയിലെ വിവിധ എ.സി പൈപ്പുകൾ.

3) UWSS ട്ട തിരൂരങ്ങാടി- പരപ്പനങ്ങാടി മുനിസിപ്പാലിറ്റിയിലെ എ.സി പൈപ്പുകൾ -8കി.മീ.

4) കളിക്കാവ് ശുദ്ധജല വിതരണപദ്ധതി എ.സി പൈപ്പ് മാറ്റൽ - 2കി.മീ.

Reeba

സെക്ഷൻ ഓഫീസർ.